**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1472

31.10.2019-ൽ മറുപടിയ്ക്ക്

## ഭവനനിർമ്മാണ ബോർഡിനെ ശക്തിപ്പെടുത്തുവാൻ സ്വീകരിച്ച നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.എൻ.എ ഖാദർ | ശ്രീ. ഇ. ചന്ദ്രശേഖരൻ (റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാന സർക്കാരിന്റെ ഭവനനിർമ്മാണ പദ്ധതികളുടെ നോഡൽ ഏജൻസിയായിരുന്ന സംസ്ഥാന ഭവന നിർമ്മാണ ബോർഡിനെ ശക്തിപ്പെടുത്തുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) സംസ്ഥാന ഭവനനിർമ്മാണ ബോർഡ് നേരിടുന്ന കടുത്ത സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത്, ബോർഡിനെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. കൊച്ചി മറൈൻ ഡ്രൈവിൽ സംസ്ഥാന ഭവന നിർമ്മാണ ബോർഡിനുള്ള 17.09 ഏക്കർ ഭൂമിയിൽ അന്താരാഷ്ട്ര എക്സിബിഷൻ സിറ്റി പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരികയാണ്. അതുപോലെ സംസ്ഥാന ഭവന നിർമ്മാണ ബോർഡിന് ലഭിക്കുവാനുള്ള വായ്പാ കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി വിവിധ ജില്ലകളിൽ അദാലത്തുകൾ സംഘടിപ്പിക്കുകയും, വിറ്റഴിയാത്ത ഫ്ലാറ്റുകൾ വില്ക്കുവാനും, ബോർഡിന്റെ ഒഴിഞ്ഞു കിടക്കുന്ന സ്ഥലങ്ങളിൽ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനും നടപടി സ്വീകരിക്കുന്നുണ്ട്. അതോടൊപ്പം, ഭവന നിർമ്മാണ ബോർഡിന്റെ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നുള്ള വാടക കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ച് വരുന്നു. കൂടാതെ, ചെലവ് ചുരുക്കുന്നതിന്റെ ഭാഗമായി സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ ഡിവിഷൻ ഓഫീസുകൾ സംയോജിപ്പിക്കുകയും, ബ്രാഞ്ച് ഓഫീസുകൾ ബന്ധപ്പെട്ട ഡിവിഷൻ ഓഫീസുകളിൽ ലയിപ്പിക്കുകയും ചെയ്തിട്ടുണ്ട്. |

(ബി) സംസ്ഥാന ഭവന നിർമ്മാണ ബോർഡിന് ഈ കാലഘട്ടത്തിൽ ലഭിച്ച നിർമ്മാണ പദ്ധതികൾ, അനുവദിച്ച വായ്പകൾ എന്നിവയെക്കുറിച്ച് വിശദവിവരങ്ങൾ നൽകാമോ;

(ബി) സംസ്ഥാന ഭവന നിർമ്മാണ ബോർഡിന് ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വായ്പകൾ അനുവദിച്ചിട്ടില്ല. സംസ്ഥാന ഭവന നിർമ്മാണ ബോർഡിന് ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഭരണാനുമതി ലഭിച്ച വിവിധ നിർമ്മാണ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം-1-ലെ പട്ടികയിൽ ചേർത്തിരിക്കുന്നു.

(സി) 2017-18, 2018-19 എന്നീ വർഷങ്ങളിൽ പ്രസ്തുത ബോർഡിനായി വകയിരുത്തിയിരുന്ന തുകയുടെയും പിന്നീട് തിരിച്ചെടുത്ത തുകയുടെയും കണക്കുകൾ നൽകാമോ; ഇപ്രകാരം തുക തിരിച്ചെടുക്കേണ്ടി വന്ന സാഹചര്യം വിശദമാക്കുമോ?

(സി) 2017-18, 2018-19 എന്നീ വർഷങ്ങളിൽ സംസ്ഥാന ഭവനനിർമ്മാണ ബോർഡിനായി വകയിരുത്തിയ തുകയുടെയും, പിന്നീട് സർക്കാർ തിരിച്ചെടുത്ത തുകയുടെയും വിശദാംശങ്ങൾ അനുബന്ധം-2-ലെ പട്ടികയിൽ ചേർത്തിരിക്കുന്നു. സംസ്ഥാന ഭവന നിർമ്മാണ ബോർഡിന് സർക്കാർ അനുവദിച്ചിരുന്ന തുക പിൻവലിക്കുമ്പോൾ പിൻവലിക്കുന്നതിനുള്ള സാഹചര്യം ഉത്തരവിൽ വ്യക്തമാക്കിയിരുന്നില്ല.

സെക്ഷൻ ഓഫീസർ

**അനുബന്ധം - 1**

| നം. | പദ്ധതി |
|---|---|
| 1 | വർക്കിംഗ് വിമൻസ് ഹോസ്റ്റൽ , മാനന്തവാടി |
| 2 | വർക്കിംഗ് വിമൻസ് ഹോസ്റ്റൽ, ഗാന്ധി നഗർ, കോട്ടയം |
| 3 | പൗണ്ട് കടവ് വർക്കിംഗ് വിമൻസ് ഹോസ്റ്റൽ, തിരുവനന്തപുരം |
| 4 | വർക്കിംഗ് വിമൻസ് ഹോസ്റ്റൽ, പീരുമേട്, ഇടുക്കി |
| 5 | വർക്കിംഗ് വിമൻസ് ഹോസ്റ്റൽ, മാധൂർ, കാസർഗോഡ് |
| 6 | കടകംപള്ളി റവന്യൂ ടവർ, തിരുവനന്തപുരം |
| 7 | മട്ടന്നൂർ റവന്യൂ ടവർ, കണ്ണൂർ |
| 8 | മിനി സിവിൽ സ്റ്റേഷൻ, വെള്ളരിക്കുണ്ട്, കാസർഗോഡ് |
| 9 | പുനലൂർ എഡ്യുക്കേഷണൽ കോംപ്ലക്സ്, കൊല്ലം |
| 10 | കുമളി റവന്യൂ ടവർ, ഇടുക്കി |
| 11 | ഗൃഹശ്രീ ഭവന പദ്ധതി |
| 12 | ട്രെയിനിംഗ് പ്ലാൻ പദ്ധതി |
| 13 | ഓൾ ഇന്ത്യ സർവ്വീസ് ഓഫീസേഴ്സ് ക്വാർട്ടേഴ്സ്, ജഗതി, തിരുവനന്തപുരം |
| 14 | ആശ്വാസ് വാടക വീട് പദ്ധതി, ആലപ്പുഴ |
| 15 | സർക്കാർ ഉദ്യോഗസ്ഥർക്ക് സർക്കാർ ഭൂമിയിൽ ഭവന പദ്ധതി, കാസർഗോഡ് ഘട്ടം-4 |
| 16 | സർക്കാർ ഉദ്യോഗസ്ഥർക്ക് സർക്കാർ ഭൂമിയിൽ ഭവന പദ്ധതി, കാസർഗോഡ് ഘട്ടം-5 |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം 2</u>**

| നം. | പദ്ധതിയുടെ പേര് | ബജറ്റ് വിഹിതം (ലക്ഷത്തിൽ) | അനുവദിച്ച തുക (ലക്ഷത്തിൽ) | തിരിച്ചെടുത്ത തുക (ലക്ഷത്തിൽ) |
|---|---|---|---|---|
| | | **2017-18** | | |
| **പ്ലാൻ** | | | | |
| 1 | ട്രെയിനിംഗ് പ്ലാൻ | 50.00 | 29.00 | 29.00 |
| 2 | ഗൃഹശ്രീ പദ്ധതി | 2176.00 | 1933.50 | 1206.50 |
| 3 | സർക്കാർ ഭൂമിയിൽ സർക്കാർ ജീവനക്കാർക്കായുള്ള ഭവന പദ്ധതി | 500.00 | 50.00 | 50.00 |
| 4 | വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതി | 600.00 | 0 | 0 |
| 5 | ആശ്വാസ് വാടക വീട് പദ്ധതി | 1500.00 | 0 | 0 |
| 6 | കടകംപള്ളി റവന്യൂ ടവർ പദ്ധതി (അധിക ധനാനുമതി) | 500.00 | 500.00 | 500.00 |
| **നോൺ പ്ലാൻ** | | | | |
| 7 | ഗ്രാന്റ് ഇൻ എയ്ഡ് | 90.64 | 90.64 | 0 |
| 8 | വർക്കിംഗ് ജേർണലിസ്റ്റ് പദ്ധതി | 18.00 | 18.00 | 18.00 |
| 9 | എം.എൽ.എ./ എം.പി. ഭവന പദ്ധതി | 10.00 | 10.00 | 0 |
| | | **2018-19** | | |
| **പ്ലാൻ** | | | | |
| 1 | ട്രെയിനിംഗ് പ്ലാൻ | 40.00 | 29.00 | 0 |
| 2 | ഗൃഹശ്രീ പദ്ധതി | 2600.00 | 0 | 0 |
| 3 | സർക്കാർ ഭൂമിയിൽ സർക്കാർ ജീവനക്കാർക്കായുള്ള ഭവന പദ്ധതി | 600.00 | 0 | 0 |
| 4 | ആശ്വാസ് വാടക വീട് പദ്ധതി | 430.00 | 0 | 0 |
| 5 | വർക്കിംഗ് വിമൻസ് ഹോസ്റ്റൽ | 480.00 | 388.00 | 0 |
| 6 | ഹൗസിംഗ് കോംപ്ലക്സ് (ലൈഫ് മിഷൻ) | 1260.00 | 0 | 0 |
| **നോൺ പ്ലാൻ** | | | | |
| 7 | ഗ്രാന്റ് ഇൻ എയ്ഡ് | 95.17 | 60.00 | 0 |
| 8 | വർക്കിംഗ് ജേർണലിസ്റ്റ് പദ്ധതി | 18.00 | 14.00 | 0 |
| 9 | എം.എൽ.എ./എം.പി. ഭവനപദ്ധതി | 10.00 | 5.00 | 0 |
| 10 | എം.എൻ. ലക്ഷം വീട് പുനരുദ്ധാരണ പദ്ധതി (അധിക ധനാനുമതി) | 150.00 | 150.00 | 0 |

സെക്ഷൻ ഓഫീസർ